**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യവകുപ്പ്- പ്രളയ ദുരന്തത്തിൽ നഷ്ടപ്പെട്ട ട്രഷറി രേഖകളുടെ ഡ്യൂപ്ളിക്കേറ്റ് നൽകുന്നതിനുള്ള ഫീസ് ഇളവ് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം.**7431/2018/ധന**. തിരുവനന്തപുരം, തീയതി **05.09.2018**

പരാമർശം - 1.. ട്രഷറി ഡയറക്ടറുടെ 31/08/2018-ലെ എ 3/17085/2018 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശത്തിലെ കത്തു പ്രകാരം പ്രളയ ദുരന്തത്തിൽ നഷ്ടപ്പെട്ട ട്രഷറി രേഖകളുടെ ഡ്യൂപ്ളിക്കേറ്റ്/പകരം പുതിയവ നൽകുന്നതിന് നിരവധി അപേക്ഷകൾ ലഭിച്ചു കൊണ്ടിരിക്കുന്നുവെന്നും, നിലവിലെ നിയമമനുസരിച്ച് ഓരോന്നിനും നിർണ്ണയിക്കപ്പെട്ട ഫീസുകൾ/ചാർജ്ജുകൾ എന്നിവ ഒടുക്കിയാൽ മാത്രമേ ഇടപാടുകാർക്ക് പ്രസ്തുത രേഖകളുടെ ഡ്യൂപ്ളിക്കേറ്റ്/പുതിയവ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ എന്നും ട്രഷറി ഡയറക്ടർ അറിയിച്ചിരിക്കുന്നു. അപ്രതീക്ഷിതമായുണ്ടായ ദുരന്തത്തിൽ നഷ്ടപ്പെട്ട പ്രസ്തുത രേഖകൾ അടിയന്തിരമായി തന്നെ പ്രത്യേക കൗണ്ടറുകൾ സജ്ജീകരിച്ചുകൊണ്ട് വിതരണം ചെയ്യേണ്ടത് അനിവാര്യമാകയാൽ രേഖകളുടെ പകർപ്പുകൾ ഫീസ്/ചാർജ്ജ് ഇല്ലാതെ തന്നെ നൽകുന്നതിനാവശ്യമായ ഉത്തരവ് നൽകണമെന്നാവശ്യപ്പെട്ടിരിക്കുകയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രളയ ദുരിതത്തിൽ നഷ്ടപ്പെട്ട താഴെ പറയുംപ്രകാരമുള്ള രേഖകൾ **പ്രളയ ദുരിതത്തിൽ കഷ്ടപ്പെടുന്ന ട്രഷറി ഇടപാടുകാരിൽ നിന്നും,** പ്രസ്തുത രേഖകൾ സമീപകാലത്തുണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടതാണെന്ന്, വ്യക്തിഗത രേഖകളെ സംബന്ധിച്ച് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലവും ഓഫീസ് രേഖകൾക്ക് അതാത് ഡിഡിഒ മാരുടെ സർട്ടിഫിക്കറ്റും എഴുതി വാങ്ങിയ ശേഷം ചാർജ്ജ്/ഫീസ് ഇല്ലാതെ തന്നെ 31/10/2018 വരെ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ട്രഷറി ബിൽബുക്ക്
2. സേവിംഗ്സ് ബാങ്ക് ചെക്ക് ബുക്ക്/പാസ് ബുക്ക്
3. ചലാനടച്ചതിന്റെ സർട്ടിഫിക്കറ്റ് ഓഫ് റെമിറ്റൻസ്
4. ടോക്കൺ
5. പി പി ഒ-യുടെ ഡ്യൂപ്ലിക്കറ്റ്(പെൻഷൻ ബുക്കിന്റെ പെൻഷണറുടെ ഭാഗം)

ട്രഷറി ഡയറക്ടർ എല്ലാ ട്രഷറി ഓഫീസർമാർക്കും ഇതു സംബന്ധിച്ച് വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രസിദ്ധീകരണത്തിന്(പബ്ലിക് റിലേഷൻസ് വകുപ്പ്)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ